Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.321/PR/SPMC/PHQ/2026 Date:29.07.2026

<u>പത്രക്കുറിപ്പ്</u>

## ഡി.ജി.പി നിതിൻ അഗ്രവാൾ വെള്ളിയാഴ്ച വിരമിക്കുന്നു

## വിടവാങ്ങൽ പരേഡ് എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ

ഡി.ജി.പി നിതിൻ അഗ്രവാൾ വെള്ളിയാഴ്ച (ജൂലൈ 31) സർവീസിൽ നിന്ന് വിരമിക്കും. അദ്ദേഹത്തിന് പോലീസ് സേന നൽകുന്ന വിടവാങ്ങൽ പരേഡ് 31ന് രാവിലെ 8 മണിക്ക് പേരൂർക്കട എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടക്കും. നിലവിൽ ഫയർ ആൻറ് റെസ്ക്യു സർവീസിൽ ഡയറക്ടർ ജനറൽ ആയി സേവനമനുഷ്ഠിക്കുന്ന നിതിൻ ആഗ്രവാൾ 1989 ബാച്ച് ഐ.പി.എസ് ഓഫീസറാണ്. ഡൽഹി ഐ.ഐ.ടിയിൽ നിന്ന് എം.ടെക്കും പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും എം.ഫിൽ ബിരുദവും കരസ്ഥമാക്കിയിട്ടുണ്ട്.

സ്തുത്യർഹ സേവനത്തിനുള്ള ഇന്ത്യൻ പോലീസ് മെഡൽ (2007), വിശിഷ്ട സേവനത്തിനുള്ള ഇന്ത്യൻ പ്രസിഡൻറിൻെറ പോലീസ് മെഡൽ (2014), വിവിധ സായുധസേനകളിൽ നിന്നും ഗോൾഡ് മെഡലുകൾ, പ്രശംസാപത്രങ്ങൾ ഉൾപ്പടെ നിരവധി പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്.

എ.എസ്.പി ആയി ആദ്യം നിയമിതനായത് തലശ്ശേരിയിലാണ് തുടർന്ന് അടൂരിലും കൊല്ലത്തും സേവനം അനുഷ്ഠിച്ചു. എസ്.പി റാങ്കിലേക്ക് പ്രമോട്ട് ചെയ്യപ്പെട്ടതിനെതുടർന്ന് ഇടുക്കി, പാലക്കാട്, കണ്ണൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ ജില്ലാ പോലീസ് മേധാവിയായും കെ.എ.പി മൂന്നാം ബറ്റാലിയൻ, എസ്.എ.പി, എസ്.ആർ.എ.എഫ്, കെ.എ.പി അഞ്ചാം ബറ്റാലിയൻ എന്നിവിടങ്ങളിൽ കമാണ്ടൻറായും ജോലി നോക്കി. വിജിലൻസിലും കേരള ഗവർണറുടെ സുരക്ഷാ ചുമതലയുള്ള എ.ഡി.സി ആയും പ്രവർത്തിച്ചിട്ടുണ്ട്.

ഡി.ഐ.ജിയായി കണ്ണൂർ, തിരുവനന്തപുരം റെയ്ഞ്ചുകൾ, ക്രൈംബ്രാഞ്ച്, വിജിലൻസ് എന്നിവിടങ്ങളിലും ജോലി ചെയ്തു.

സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ, ഉത്തരമേഖലയുടെ ചുമതലയുള്ള എ.ഡി.ജി.പി, ആംഡ് പോലീസ് ബറ്റാലിയൻ, ക്രൈംബ്രാഞ്ച് എന്നിവിടങ്ങളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഡി.ജി.പി റാങ്കിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചു കേരളത്തിലേക്ക് മടങ്ങിയെത്തിയ അദ്ദേഹം റോഡ് സേഫ്റ്റി കമ്മീഷണറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

വിവിധ കേന്ദ്ര സായുധ സേന വിഭാഗങ്ങളിൽ ഡി.ഐ.ജിയായും ഐ.ജിയായും പ്രവർത്തിച്ചിട്ടുണ്ട്. കേന്ദ്ര റിസേർവ് പോലീസിൽ എ.ഡി.ജി.പിയായും ബി.എസ്.എഫ് ഡയറക്ടർ ജനറൽ ആയും പ്രവർത്തിച്ചിട്ടുണ്ട്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെൻ്റർ

*****************************************************


नितिन अग्रवाल
NITIN AGRAWAL